നം.ഇ.എസ്സ് 2-67069/06/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.18/09/2014.

# നോട്ടീസ്

വിഷയം - ആ.വ.ഡ - കൊല്ലം ജില്ലയിലെ പാലത്ര സി.എച്ച്.സി യിലെ സീനിയർ ക്ലാർക്കായ ശ്രീ.ജി.ജയകുമാറിന്റെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന -
1) ഉത്തരവ് നം.ഒ&എം 2-78165/89/ആ.വ.ഡ/തീയതി.17/08/1991.
2) ഉത്തരവ് നം.ഇ.എസ്(സ്പെഷ്യൽ സെൽ) 67069/06/ആ.വ.ഡ/ തീയതി.29/09/2007.
3) സർക്കാർ കത്ത് നം.21863/എച്ച്1/2014/ആ.കു.വ തീയതി.07/07/2014.

14/10/1993 മുതൽ 16/06/2000 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊല്ലം പാലത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സീനിയർ ക്ലാർക്കായ ശ്രീ.ജി.ജയകുമാർ അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.ജയകുമാർ 12/12/1988 - ൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. 12/12/1990 - ൽ പ്രബേഷൻ പൂർത്തിയാവുകയും 06/1991 ൽ വകുപ്പ്തല പരീക്ഷകളിൽ വിജയിക്കുകയും ചെയ്തു. അപ്രകാരം സൂചന ഒന്ന് (1) പ്രകാരമുള്ള എൽ.ഡി.ക്ലാർക്കുമാരുടെ സീനിയോറിട്ടി പട്ടികയിൽ 623 -ാം മത്തെ റാങ്കുകാരനുമാണ്. പ്രസ്തുത തസ്തികയിൽ ജോലിനോക്കവേ 07/04/1997 മുതൽ 09/06/1999 വരെ ടിയാൻ സസ്പെൻഷനിലായിരുന്നു. പ്രസ്തുത കാലയളവിൽ ടിയാളുടെ ജൂനിയറായവർക്ക് യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. സസ്പെൻഷൻ കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ച തീയതിയായ 10/06/1999 മുതൽ ടിയാൾക്ക് യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി.

എന്നാൽ ടിയാളുടെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കുകയും ശിക്ഷണനടപടി ലഘുശിക്ഷനൽകി അവസാനിപ്പിച്ചതിനാലും വകുപ്പ്തല പരീക്ഷവിജയിച്ചതിനാലും പ്രബേഷൻ യഥാസമയം പൂർത്തീകരിച്ചതിനാലും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ടിയാളുടെ ജൂനിയറിന് സ്ഥാനക്കയറ്റം നൽകിയ തീയതി മുതൽ ടിയാൾക്കും യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ 14/10/1993 മുതൽ 16/06/2000 വരെയുള്ള യു.ഡി.ക്ലാർക്കുമാരുടെ സീനിയോറിട്ടി പട്ടികയിൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തണമെന്നും സർക്കാരിൽനിന്നും സൂചന മൂന്ന് (3) പ്രകാരം അറിയിച്ചിരിക്കുന്നു.

അപ്രകാരം ശ്രീ.കെ.ജയകുമാറിന്റെ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിട്ടി ടെസ്റ്റ് യോഗ്യത നേടിയ വർഷം പ്രൊബേഷൻ പൂർത്തീകരിച്ച തീയതി എന്നിവ പരിഗണിച്ച് ടിയാന് 14/10/1993 മുതൽ 16/06/2000 വരെയുള്ള യു.ഡി.ക്ലാർക്ക് മാരുടെ സീനിയോറിട്ടിപട്ടികയിൽ 268(എ) റാങ്ക് നമ്പർ നൽകുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പേര് | എൽ.ഡി.സി റാങ്ക് നം. | യു.ഡി.സി. റാങ്ക് നം. | ജനനതീയതി | വകുപ്പ് തല പരീക്ഷ വിജയിച്ച തീയതി | യു.ഡി. ക്ലാർക്ക് തസ്തികയിൽ ഒഴിവ് വന്ന തീയതി |
|---|---|---|---|---|---|
| എം.മനോഹരൻ | 619 | 268 | 01/05/1959 | 06/1990 | 31/12/1998 |
| ജി.ജയകുമാർ | 623 | 268(എ) | 30/05/1959 | 06/1991 | 31/12/1998 |
| ജോൺ സാമുവൽ | 624 | 269 | 20/07/1963 | 11/1991 | 31/12/1998 |

ആയതിനാൽ ടിയാന് മേൽ രേഖപ്പെടുത്തിയിരിക്കുന്ന സീനിയോറിറ്റി റാങ്ക് നൽകുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് വേണ്ടി.

ശ്രീ.ജി.ജയകുമാർ
യു.ഡി.ക്ലാർക്ക്
സി.എച്ച്.സി, പാലത്ര, കൊല്ലം.

പകർപ്പ്

1) ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം), കൊല്ലം.
2) മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്, സി.എച്ച്.സി, പാലത്ര, കൊല്ലം.
3) എല്ലാ ജീവനക്കാർക്കും.
4) ഫയൽ/സ്റ്റോക്ക്.